ലഘുലേഖ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. 1999 ലെ ആറാട്ടുപുഴ ഉത്സവത്തിന് ഒരു ലക്ഷം രൂപ സാമ്പത്തിക സഹായം നൽകി. ഇക്കൊല്ലവും സാമ്പത്തിക സഹായം അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(സി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലാണ് ഇക്കാര്യത്തിലുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടത്.

(ഡി) തൃപ്രയാർ-ചേറ്റുവാ റൂട്ടിൽ ഹൗസ്ബോട്ടുകൾ ഏർപ്പെടുത്തുകയാണ് പ്രധാനപദ്ധതി. തൃപ്രയാറിൽ ബോട്ട് ജട്ടിയും ബോട്ട് ഹൗസും കഫറ്റേരിയയും നിർമ്മിക്കുന്നതാണ്.

(ഇ) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലാണ് ഇക്കാര്യം പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കേണ്ടത്.

## 'പൊസടിഗുംപെ' ടൂറിസ്റ്റ് കേന്ദ്രമാക്കാൻ നടപടി

**124(865)**ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ "പൊസടിഗുംപെ" ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പൊസടിഗുംപെ ബേക്കൽ റിസോർട്ടിന്റെ ഭാഗമാക്കാൻ ഉദ്ദേശമുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

### ഉത്തരം

(എ)-(സി)"പൊസടിഗുംപെ" ബേക്കൽ ടൂറിസം പ്രോജക്ടിന്റെ ഭാഗമല്ല. എന്നാൽ ഇവിടം ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കുന്ന കാര്യം ബി.ആർ.ഡി.സി.യുടെ പരിഗണനയിലുണ്ട് ഇതിനായി ബി.ആർ.ഡി.സി. ഉദ്യോഗസ്ഥർ പൊസടിഗുമ്പെ സന്ദർശിക്കുകയും പ്രാഥമിക വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ബേക്കലിന്റെ ബ്രോഷറുകളിലും ലഘുലേഖകളിലും പൊസടിഗുംപെയെക്കുറിച്ച് പരാമർശിക്കുവാൻ ഉദ്ദേശിക്കുന്നു. സാഹസിക ടൂറിസം (Adventure Tourism) മേഖലയിൽ പ്രസ്തുത സ്ഥലത്തിന്റെ സാധ്യതാപഠനം നടത്തുവാൻ വിദഗ്ദ്ധ ഏജൻസിയെ സ്ഥലം സന്ദർശിക്കുവാൻ ക്ഷണിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനമൊന്നും ആയിട്ടില്ല.

## വർക്കലയിൽ ടൂറിസം ഡിപ്പാർട്ടുമെന്റ് പുതുതായി ആരംഭിക്കുന്ന പദ്ധതികൾ

**125(866)**ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകത്തിന്റെ വിവിധ കേന്ദ്രങ്ങളിൽനിന്നും വർക്കലയിലേക്ക് വിനോദ സഞ്ചാരികളെ ആകർഷിക്കാൻവേണ്ടി ടൂറിസം ഡിപ്പാർട്ട്മെന്റ് പുതുതായി ആരംഭിക്കാൻ നിശ്ചയിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉൾനാടൻ ജലഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കോവളം മുതൽ നടയറവരെയുള്ള കനാലിൽ വിനോദസഞ്ചാരികൾക്കുവേണ്ടി ചെറിയ ബോട്ട് സർവ്വീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) വർക്കല ഗസ്റ്റ് ഹൗസിനോട് ചേർന്നുള്ള നാലുകെട്ടും മറ്റും ഉപയോഗപ്പെടുത്തി കലാസാംസ്കാരിക കേന്ദ്രംകൂടി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വർക്കല സന്ദർശിക്കുന്ന ടൂറിസ്റ്റുകളുടെ സംരക്ഷണത്തിനായി ക്ലിഫിൽ ഫെൻസിംഗ് നടത്തുകയും, ബീച്ചിൽ ലൈറ്റുകൾ സ്ഥാപിക്കുകയും നടപ്പാത വൃത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വർക്കലയുടെ സമഗ്ര വികസനത്തിനായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് നിർദ്ദേശം നൽകുന്നതാണ്.

(ബി) കോവളം മുതൽ കൊല്ലം വരെയുള്ള കനാലിൽ വിനോദസഞ്ചാരികൾക്കുവേണ്ടി ഹൗസ് ബോട്ടുകൾ ഉൾപ്പെടെ ബോട്ട് സർവ്വീസുകൾ തുടങ്ങുന്നതിന് വേണ്ടി കനാൽ വികസിപ്പിക്കുവാൻ പരിപാടിയുണ്ട്. ഇറിഗേഷൻ വകുപ്പുമായി സഹകരിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുക. 'നാറ്റ്പാക്ക്' ഇതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കഴിഞ്ഞു. ആദ്യഘട്ടമായി കോവളം മുതൽ വേളിവരെയുള്ള കനാൽ അടുത്ത സാമ്പത്തികവർഷം തന്നെ വികസിപ്പിക്കാനാവുമെന്ന് കരുതുന്നു.

(സി) വർക്കല ഗസ്റ്റ് ഹൗസിനോട് ചേർന്ന് കലാസാംസ്ക്കാരിക കേന്ദ്രം ആരംഭിക്കുവാനുള്ള തീരുമാനം എടുത്തിട്ടില്ല.

**മലബാർ പ്രദേശത്തെ ടൂറിസ്റ്റ് വികസനം**

**126(867)**ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ പ്രദേശത്ത് ടൂറിസം വികസിപ്പിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) മലപ്പുറം, കോഴിക്കോട്, കാസർഗോഡ്, കണ്ണൂർ, വയനാട് ജില്ലകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വ്യവസായ രംഗത്ത് എന്തൊക്കെ പദ്ധതികൾ ആരംഭിച്ചു;

(സി) പ്രസ്തുത ജില്ലകളിൽ "ഇക്കോ ടൂറിസം" പദ്ധതികൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തികവർഷം മലപ്പുറം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് ഒരു മിനിബസ് വാങ്ങുവാൻ ധനസഹായം നൽകുകയുണ്ടായി. കൂടാതെ ഇൻഫർമേഷൻ കൗണ്ടറിനും, ഡി.റ്റി.പി.സി ഓഫീസിന്റെ നിർമ്മാണത്തിനും ടൂറിസം വകുപ്പ് ധനസഹായം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly